മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 05 No. 02 | THE ONLINE OFFICIAL NEWS BULLETIN | 2022 January 08

ദനഹകാലം | SEASON OF EPIPHANY

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
9 ♪3 1st Sunday after Epiphany	10 ♪7	11 ♪3	12 ♪7	13 ♪3	14 ♪7	15  ♪1 I'do d-yeldas Aloho d Al Zar'o ✠Feast of St. Mary for Seeds Comme. of Paul the Monk



പരിശുദ്ധ പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്ന വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയ്ക്ക് പ. കാതോലിക്കാ ബാവ മുഖ്യകാർമികത്വം വഹിച്ചു. ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, അലക്സിയോസ് മാർ യൗസേബിയോസ്, യാക്കോബ് മാർ ഏലിയാസ് എന്നീ പിതാക്കന്മാർ സഹകാർമികത്വം വഹിച്ചു. തുടർന്ന് പ. പിതാക്കന്മാരുടെ കബറിടത്തിൽ ധൂപപ്രാർത്ഥന നടത്തി. പെരുനാൾ ചടങ്ങിൽ പങ്കെടുക്കുവാനെത്തിയ വിശ്വാസികൾക്ക് പരിശുദ്ധ കാതോലിക്കാ ബാവായും പിതാക്കന്മാരും ശ്ലൈഹിക വാഴ്വു നൽകി.



പ. കാതോലിക്കാ ബാവാ പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ വച്ച് കേന്ദ്ര സഹമന്ത്രി വി. മുരളീധരനുമായി കൂടിക്കാഴ്ച നടത്തി. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ മന്ത്രിയേയും സംഘത്തേയും പൊന്നാട അണിയിച്ച് ദയറായിലേക്ക് സ്വീകരിച്ചു. ബി.ജെ.പി. സംസ്ഥാന ഉപാധ്യക്ഷൻ ഡോ. കെ. എസ്. രാധാകൃഷ്ണനും കൂടിക്കാഴ്ചയിൽ പങ്കുചേർന്നു.

മലങ്കര അസോസിയേഷൻ: ഒരുക്കങ്ങൾ ആരംഭിച്ചു

കോലഞ്ചേരി: പ. ബസേലിയോസ് പൗലോസ് പ്രഥമൻ നഗറിൽ (കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളി) ഫെബ്രുവരി 25-ന് നടക്കാനിരിക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ പ്രാഥമിക ഒരുക്കങ്ങൾ ആരംഭിച്ചു. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ അധ്യക്ഷത വഹിച്ചു. മെത്രാപ്പോലീത്താമാരായ ഡോ. തോമസ് മാർ അത്താനാസിയോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ്, യൂഹാനോൻ മാർ പോളിക്കർപ്പോസ്, വൈദിക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ, സഭാ വക്താവ് ഫാ. ഡോ. ജോൺസ് എബ്രാഹം കോനാട്ട് എന്നിവർ പ്രസംഗിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അസോസിയേഷൻ നടത്തുന്നതിനായി വിവിധ കോർ-കമ്മറ്റികളെ തിരഞ്ഞെടുത്തു. ഭദ്രാസന സെക്രട്ടറിമാർ, സഭാ മാനേജിങ്ങ് കമ്മറ്റി അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ എന്നിവർ സംബന്ധിച്ചു.

കോലഞ്ചേരി അസ്സോസിയേഷന്റെ മുഖ്യവരണാധികാരി ആയി ഡോ. സി. കെ. മാത്യു നിയമിതനായി




കോട്ടയം; 2022 ഫെബ്രുവരി 25-ന് കോലഞ്ചേരിയിൽ നടത്തപ്പെടുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ മുഖ്യവരണാധികാരി ആയി ഡോ. സി. കെ. മാത്യുവിനെ പ. കാതോലിക്കാബാവാ നിയമിച്ചു. രാജസ്ഥാൻ കേഡറിൽ 1977 ബാച്ച് ഐ.എ.എസ്. ഉദ്യോഗസ്ഥനായി സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ അദ്ദേഹം പ്രവർത്തിച്ചു. രാജസ്ഥാൻ സംസ്ഥാനത്തിന്റെ ചീഫ് സെക്രട്ടറിയായി 2013-ൽ തന്റെ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ച അദ്ദേഹം ഇപ്പോൾ ബാംഗ്ളൂർ അസിം പ്രേംജി യൂണിവേഴ്സിറ്റിയിൽ വിസിറ്റിംഗ് പ്രൊഫസറായി സേവനം അനുഷ്ഠിക്കുന്നു. ബാംഗ്ളൂർ സെൻറ് ഗ്രീഗോറിയോസ് കത്തീഡ്രൽ ഇടവകാംഗമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ

“കാലം തികഞ്ഞു, ദൈവരാജ്യം സമാഗതമായി; മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ” (വി. മർക്കോസ് 1.15)



ഡോ. ഗീവർഗീസ് മാർ യൂലിയോസ്

അഗ്നി കൊണ്ടും ആത്മാവിലുമുള്ള സ്നാനം കർത്താവ ആരംഭിച്ചത് പ. സഭയിൽ ആണെന്ന് കാണാം. ആത്മിക യോർദാനായ വി. മാമോദീസാതൊട്ടിയിൽ കൂദാശാപരമായി സഭയുടെ പൗരോഹിത്യം വി. യോർദാനെ ദൈവശക്തിയാൽ ക്രമീകരിക്കുന്നു. അതിൽ വി. മാമോദീസാ മുഴുകുന്നവൻ ആത്മാവിലും സത്യത്തിലും പുനർജനിക്കുന്നു.

യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭമാണ് ദനഹാ പെരുന്നാളിനു ശേഷമുള്ള ഒന്നാം ഞായറാഴ്ചയുടെ ഇതിവൃത്തം.

യോർദാനിലെ സ്നാനത്തോടെ ക്രിസ്തു പൂർണ്ണമായി ഉദിച്ച് ലോകത്തിന് വെളിപ്പെടുന്നു. യോഹന്നാനാകട്ടെ ഹേറോദോസിന്റെ തടവിൽ ആക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. ‘അവനോ വളരണം, ഞാനോ കുറയണം’ എന്ന അദ്ദേഹത്തിന്റെ തത്വം പോലെ തന്നെ സംഭവിക്കുന്നതായി കാണുന്നു.

“കാലം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു” എന്ന ക്രിസ്തുവിന്റെ പ്രഖ്യാപനം കേട്ടവർ അവനിലേയ്ക്ക് അടുത്തു വരുന്നു; മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുന്നു. ഒരു പുതിയ പാരമ്പര്യം അഥവാ സംസ്കൃതി ഇവിടെ ആരംഭിക്കുന്നു. ഗലീലാ തടാകത്തിന്റെ ചുറ്റും പാർത്തിരുന്നവരിലെ അന്ധകാരം മാറി അവരിൽ പ്രകാശം ഉദിക്കുന്നു. ആ വെളിച്ചം അവിടെ നിന്നും ആരംഭിച്ച് ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുന്ന സത്യ സഭയായി രൂപം പ്രാപിക്കുന്നു!



എത്ര ലളിതമായ തുടക്കമായിരുന്നു അത് എന്ന് വി. ഏവൻഗേല്യസ്തർ രേഖപ്പെടുത്തിയിരിക്കുന്നു. “എന്നെ അനുഗമിപ്പിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും” എന്ന കല്പനയുടെ മുന്നിൽ ഉടനെ അവർ വല വിട്ടു അവനെ അനുഗമിച്ചു എന്നാണ് നാം വായിക്കുന്നത്.

ശീമോൻ പത്രോസ്, അവന്റെ സഹോദരൻ അന്ത്രയോസ്, സെബദി മക്കളായ യാക്കോബും യോഹന്നാനുമൊക്കെ ഗലീലാ കടൽ തീരത്തു നിന്നും ക്രിസ്തുവിന്റെ അനുഗാമികളായി മാറ്റപ്പെടുന്നു. സ്രഷ്ടാവ് വിളിക്കുന്നു; സൃഷ്ടി കേട്ട് അനുസരിക്കുന്നു. രക്ഷകൻ ക്ഷണിക്കുന്നു; രക്ഷ ആവശ്യമുള്ളവൻ ക്ഷണം സ്വീകരിക്കുന്നു. “പിന്നെ യേശു ഗലീലയിൽ ഒക്കെയും ചുറ്റിസഞ്ചരിച്ചുകൊണ്ട് അവരുടെ പള്ളികളിൽ ഉപദേശിക്കുകയും രാജ്യത്തിന്റെ – അവനിൽ ആരംഭിച്ചിരിക്കുന്ന ദൈവരാജ്യമാകുന്ന സഭയുടെ – സുവിശേഷം പ്രസംഗിക്കുകയും ജനത്തിലുള്ള സകല ദീനത്തെയും വ്യാധിയെയും സൗഖ്യമാക്കുകയും ചെയ്തു. അവന്റെ ശ്രുതി സുറിയയിൽ ഒക്കെയും പരന്നു. ... ഗലീല, ദക്കപ്പൊലി (പത്ത് പട്ടണങ്ങൾ), യെരുശലേം, യെഹൂദ്യ, യോർദാനക്കരെ എന്നിവിടങ്ങളിൽ നിന്നു വളരെ പുരുഷാരം അവനെ പിന്തുടർന്നു. ‘അത്യന്ത തമസ്സിൽപ്പെട്ടുഴലും ലോകത്തിന് സത്യത്തിൻ പ്രഭാപൂരം കിട്ടി’യെന്നാണ് മലയാള കവി ഈ ദൈവരാജ്യ സ്ഥാപനത്തെ വർണ്ണിച്ചിരിക്കുന്നത്.

അവനിൽ നാം കാണുന്നു. അവനിൽ നാം ഒരു രക്ഷിത ജനതയായി ജാഗ്രതയോടെ എഴുന്നേല്ക്കുന്നു. അവനിൽ നാം ഒരു പുതിയ കെട്ടിടമായി പണിയപ്പെടുന്നു. അവനിൽ നമ്മുടെ പാപം കഴുകപ്പെട്ട് നാം ശുദ്ധീകരിക്കപ്പെടുന്നു. അങ്ങനെ അവനിൽ നാം രാജകീയ പുരോഹിതവർഗ്ഗവും സ്വന്ത ജനവും വിശുദ്ധീകരിക്കപ്പെട്ട പ. സഭയും ആയിത്തീരുന്നു. കാല-ദേശ-സംസ്ക്കാരങ്ങൾക്കപ്പുറം ഏകവും വിശുദ്ധവും സാർവ്വത്രികവും അപ്പോസ്തോലികവുമായ പ. സഭ രൂപം പ്രാപിക്കുന്നു.

ഈ പ്രതിഭാസത്തിന്റെ വ്യാഖ്യാനമാണ് ദനഹായുടെ ശേഷമുള്ള ഞായറാഴ്ചകളിലെ പ്രത്യേക പ്രാർത്ഥനകളിൽ കാണുന്നത്: “തന്റെ തൃക്കയ്യാലുള്ള സൃഷ്ടിയെ പുനരാവർത്തിച്ച്, നാശപാത്രമായ തന്റെ സ്വരൂപത്തെ തന്റെ സ്നാനത്താൽ പുതുക്കുകയും... ഇപ്പോൾ നിന്റെ പ്രതിഷ്ഠയാൽ ഞങ്ങളുടെ പഴക്കത്തെ പുതുക്കണമേ! നിന്റെ നിയന്ത്രണത്താൽ ഞങ്ങളെ പുതിയ സൃഷ്ടിയാക്കണമേ! നിന്റെ റൂഹായുടെ വ്യാപാരത്താൽ ഞങ്ങളിൽ പുതിയൊരു ഹൃദയം നിർമ്മിക്കണമേ!” എന്നാണ് പ്രാരംഭ പ്രാർത്ഥനയിൽ നാം അപേക്ഷിക്കുന്നത്. തുടർന്ന് പഴയനിയമ എഴുത്തുകളും പ്രവചനങ്ങളും പൂർണ്ണമായും ഉദ്ധരിച്ച് ധ്യാനിച്ചുകൊണ്ട് യോർദാനിലെ പ്രഭയെ വർണ്ണിക്കുവാൻ പിതാക്കന്മാർ ശ്രദ്ധിച്ചിരിക്കുന്നതും കാണാം. “ജീവന്റെയും ആമോദത്തിന്റെയും ഉറവ നീയാകുന്നു. നിന്റെ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കാണുന്നു” എന്ന് പ. സഭ പാടി പറയുന്നു. ‘തന്റെ ഉദയത്താൽ ആത്മാക്കളിൽ നിന്നും അജ്ഞാനാന്ധകാരം നീക്കിയ രക്ഷകനും, ദൈവിക ദാനങ്ങളുടെ പരിമളവാസനയാൽ ഞങ്ങളെ ആനന്ദിപ്പിക്കുകയും, തന്റെ റൂഹായുടെ തീക്ഷ്ണതയാൽ അശുദ്ധിയെയും പാപച്ചെളിയെയും ഞങ്ങളിൽ നിന്നും നീക്കുകയും ചെയ്ത അതിരില്ലാത്ത പ്രകാശവുമായിരിക്കുന്ന കർത്താവേ!’ എന്നാണ് സഭ അവനെ സംബോധന ചെയ്യുന്നത്.

ജനുവരി മാസം 15-ാം തീയതി വിത്തുകൾക്കുവേണ്ടി പ. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിലുള്ള പെരുന്നാൾ ദിവസമാണ്. “കതിരുകളെ ഓർത്തിടവത്തിൽ വിത്തിന് മകരത്തിൽ, മുന്തിരിയെപ്രതി ചിങ്ങത്തിൽ’ എല്ലാം പ. മാതാവിന്റെ മദ്ധ്യസ്ഥതയിൽ പ്രപഞ്ചത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് പഠിപ്പിക്കുന്ന ഒരു വിശുദ്ധ പാരമ്പര്യം യെരുശലേമിൽ ഉണ്ടായിരുന്നത് എഴുതപ്പെട്ട ഗ്രന്ഥം വി. യോഹന്നാൻ ശ്ലീഹാ എഫേസൂസിൽ കൊണ്ടുവന്ന് പ്രചരിപ്പിച്ചപ്പോൾ അവിടെ പനിമഴ വർഷിക്കപ്പെട്ടു എന്ന് സഭാചരിത്രത്തിൽ കാണുന്നു. പ. സഭയുടെ ആരംഭം മുതൽ തന്നെ പ. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ പെരുന്നാളുകൾ ആചരിക്കപ്പെട്ടുവെന്നതിനുള്ള തെളിവുകൾ വി. വേദപുസ്തകത്തിലും സഭാചരിത്രത്തിലും നാം കാണുന്നു. “കണ്ടാലും സർവ്വലോകവും അവളെ ഭാഗ്യവതി” എന്ന് വാഴ്ത്തുമെന്ന് വി. ലൂക്കോസ് രേഖപ്പെടുത്തുന്നു. അവളുടെ സാന്നിദ്ധ്യത്തിൽ “നിന്നെ വഹിച്ച ഉദരവും നീ കുടിച്ച മുലകളും ഭാഗ്യമുള്ളവ” എന്ന് സ്ത്രീകൾ സാക്ഷ്യം നൽകുന്നതും ശ്രദ്ധേയമാണ്.

21-ാം നൂറ്റാണ്ടിലും ആർത്തവ അശുദ്ധിയെക്കുറിച്ചും ആചാര ലംഘനങ്ങളെക്കുറിച്ചുമൊക്കെ പറഞ്ഞ് നാം സങ്കുചിതരായി തീരുമ്പോളാണ് 2000 വർഷങ്ങൾക്കു മുമ്പേ സ്ത്രീത്വം ആദരിക്കപ്പെട്ട അനേകം സംഭവങ്ങൾ വി. ഗ്രന്ഥത്തിൽ നാം വായിക്കുന്നത് എന്ന് ഓർക്കണം!

ശ്രേഷ്ഠമായ ഈ സംസ്കൃതിയിൽ പ. സഭയെ പ്രാർത്ഥനാപൂർവ്വം വളർത്തിയ താപസശ്രേഷ്ഠരായ ഈജിപ്തിലെ വി. പൗലൂസ്, വി. അന്തോണിയോസ് പിതാക്കന്മാരുടെ ഓർമ്മയും ഈ ആഴ്ചയിൽ പ. സഭ ആഘോഷിക്കുന്നു. അവരുടെ പ്രാർത്ഥന നമുക്ക് കാവലായിരിക്കട്ടെ. ❑

അധികാരം പുതിയനിയമത്തിൽ

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്

അധികാരം

“അവന്റെ ഉപദേശത്തിങ്കൽ അവർ വിസ്മയിച്ചു; അവൻ ശാസ്ത്രിമാരെപ്പോലെയല്ല, അധികാരമുള്ളവനായിട്ടത്രെ അവരെ ഉപദേശിച്ചത്” (മർക്കൊസ് 1:22).

“അവൻ പന്തിരുവരെ അടുക്കൽ വിളിച്ചു, സകല ഭൂതങ്ങളുടെ മേലും വ്യാധികളെ സൗഖ്യമാക്കുവാനും അവർക്കു ശക്തിയും അധികാരവും കൊടുത്തു” (ലൂക്കോസ് 9:1; മത്തായി 10:1).

“ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന് അധികാരമുണ്ട്” (മർക്കോസ് 2:10; മത്തായി 9:6).



“യേശു അടുത്തു ചെന്നു; സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ” (മത്തായി 28:18–20).

അധികാരം എന്ന പദത്തിന് തത്തുല്യമായി ഗ്രീക്കു മൂലത്തിൽ ഉപയോഗിച്ചിരിക്കുന്നത് exousia എന്ന വാക്കാണ്. ousia എന്നാൽ ഉണ്മ എന്നർത്ഥം. exousia എന്നാൽ ഉണ്മയിൽ നിന്നും ഉത്ഭവിക്കുന്നത് എന്നും. ഉണ്മയിൽ നിറഞ്ഞുനിൽക്കുന്ന നന്മയും വിശുദ്ധിയുമാണ് അധികാരത്തിന് അടിസ്ഥാനം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ തിന്മയിൽ നിന്ന് സ്വതന്ത്രമായി വിശുദ്ധിയിൽ നന്മപൂർണ്ണതയിലേക്കു വളരുന്ന ആളാണ് യഥാർത്ഥ അധികാരി. ഇവിടെ കീഴ്മേലായി നിൽക്കുന്ന അധികാര സങ്കല്പത്തിനു പകരം നന്മയും വിശുദ്ധിയും നിറഞ്ഞ ജീവിതം അധികാരത്തിന് അടിസ്ഥാനമായിത്തീരുന്നു. അധികാരം മേൽക്കോയ്മയല്ല, നന്മയിൽ നിറഞ്ഞു കവിയുന്ന ഉണ്മയുടെ പ്രകാശനമത്രെ.

ഈ സങ്കല്പത്തിന് ചേർന്നുവരുന്നതാണ് ഭാരതീയ ചിന്തയിൽ അധികാരം എന്ന പദം. ‘ധി’ ശബ്ദത്തിന് ബുദ്ധി, ബോധം എന്നാണർത്ഥം. ‘അഹം’കാരത്തിലൂന്നിയ സ്വബോധത്തിന്റെ സ്ഥാനത്ത് ദൈവബോധം നിറഞ്ഞുവരുമ്പോഴുണ്ടാകുന്ന ‘ധികാര’ (ധിക്കാര) മില്ലായ്മയാണ് അധികാരം. അതായത് ദൈവബോധമുണർന്ന് ഞാൻ എന്ന ഭാവം തീർത്തും മാറിക്കിട്ടിയ പരിത്യാഗിയാണ് യഥാർത്ഥ അധികാരി.

മുൻപറഞ്ഞ കാരണങ്ങളാൽ അധികാരിക്ക്, അധികാരിയുടെ വാക്കുകൾക്ക് ജീവനും ചൈതന്യവുമുണ്ട്. അയാൾ പാപങ്ങളെ മോചിക്കുന്നു. അയാൾക്കു മുന്നിൽ പൈശാചികശക്തികൾ ഓടിമറയുന്നു. “അവൻ അധികാരത്തോടെ അശുദ്ധാത്മാക്കളോട് കല്പിക്കുന്നു. അവ അവനെ അനുസരിക്കുകയും ചെയ്യുന്നു” (മർക്കൊസ് 1:28). പഴയനിയമ ശാസ്ത്രികൾക്ക് അഭ്യസനത്തിൽ നിന്നും ആർജ്ജിച്ചെടുത്ത അറിവിന്റെ ധിക്കാരമുണ്ടായിരുന്നു. എന്നാൽ കർത്താവിനാകട്ടെ, പിതാവുമായുള്ള ആഭിമുഖ്യത്തിൽ നിന്നും ഉത്ഭവിച്ച അറിവിന്റെ അധികാരമാണുണ്ടായിരുന്നത്. ക്രിസ്തു അധികാരത്തോടെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. വൈരുദ്ധ്യമെന്നു പറയട്ടെ, യേശുക്രിസ്തുവിന്റെ കാലത്തെ സാമൂഹികവും മതപരവുമായ ഘടനയ്ക്കു മുന്നിൽ ശാസ്ത്രികൾ അധികാരികളും യേശു ധിക്കാരിയുമായാണ് കാണപ്പെട്ടത്.

2. “ഞാൻ നല്ല ഇടയൻ ആകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു” (യോഹ. 10:11).

ലൗകികമായ അധികാരത്തിന് മേലാളരും കീഴാളരും മേല്ക്കോയ്മയും കീഴാഴ്മയും എന്നീ സങ്കല്പങ്ങളുണ്ട്. പുതിയനിയമത്തിൽതന്നെ ഇതിനുദാഹരണം കാണാം. ശതാധിപൻ കർത്താവിനോട് പറയുന്നു: ഞാനും അധികാരത്തിൻകീഴുള്ള മനുഷ്യൻ ആകുന്നു. എന്റെ കീഴിൽ പടയാളികൾ ഉണ്ട്. ഞാൻ ഒരുവനോട് പോക എന്നു പറഞ്ഞാൽ പോകുന്നു. മറ്റൊരുത്തനോട് വരിക എന്നുപറഞ്ഞാൽ വരുന്നു; എന്റെ ദാസനോട് ഇത് ചെയ്ക എന്നു പറഞ്ഞാൽ അവൻ ചെയ്യുന്നു (മത്തായി 8:9). ശതാധിപൻ നൂറുപേർക്കും സഹസ്രാധിപൻ ആയിരംപേർക്കും അധിപതിയാണ്. ഓരോരുത്തർക്കും അവരവരുടെ വരുതിയിൽ പ്രവർത്തിക്കുന്ന കീഴാളന്മാരുണ്ട്. എന്നും കീഴ്മേൽ നിൽക്കുന്ന അധികാരഘടനയാണ് ലോകം നല്കുന്ന മാതൃക. എന്നാൽ ഇതിൽ നിന്നും നേർവിപരീതമായ മറ്റൊരു അധികാര സങ്കല്പം കർത്താവ് കാണിച്ചു തരുന്നുണ്ട്. അത് ആടുകൾക്കുവേണ്ടി സ്വജീവൻ വച്ചുകൊടുക്കുന്ന നല്ലിടയന്റെ ജീവിക്കുന്ന മാതൃകയത്രെ.

യേശുക്രിസ്തു രാജാവാണ്. എന്നാൽ കർത്താവിന്റെ രാജാധികാരം ഐഹിക രാജാധികാരത്തിന്റേതല്ല. കർത്താവ് തന്നെ പീലാത്തോസിനോട് പറയുന്നുണ്ടല്ലോ: എന്റെ രാജ്യം ഐഹികമല്ല. എന്റെ രാജ്യം ഐഹികമായിരുന്നെങ്കിൽ എന്നെ യഹൂദന്മാരുടെ കൈയിൽ ഏല്പിക്കാതവണ്ണം എന്റെ ചേകവർ പോരാടുമായിരുന്നു (യോഹ. 18:36). എന്നാൽ യേശു നൽകുന്ന ഈ ഭാഷ്യം പീലാത്തോസിന് മനസ്സിലാകുന്നില്ല (യോഹ. 18:37). അധികാരം കൈയാളുന്നവരും അതിൽ പങ്കുപറ്റി ചുറ്റും നിൽക്കുന്നവരും ഒരിക്കലും കർത്താവ് മുമ്പോട്ടു വയ്ക്കുന്ന സ്നേഹത്തിന്റെയും പരിത്യാഗത്തിന്റെയും സ്വയം വെറുമയാക്കി ജീവനർപ്പിക്കുന്ന നല്ലിടയന്റെ അധികാരമാതൃക മനസിലാക്കുന്നില്ല. തീർത്തും വ്യത്യസ്തമായ ഒരു മൂല്യസങ്കല്പമാണ് ക്രിസ്തുവിന്റെ ക്രൂശ് നമുക്ക് മുമ്പിൽ വയ്ക്കുന്നത്. സമൂലമായ ഒരു മാതൃകാവ്യതിയാനമാണിത് (Paradigm Shift). ശുശ്രൂഷ, സേവനം, സ്നേഹം, പരിത്യാഗം എന്നീ പദങ്ങളും അവയോടു ചുറ്റിപ്പറ്റിയുള്ള ആശയങ്ങളുമാണ് ഈ പുതിയ അധികാര സങ്കല്പത്തോട് ചേർന്നുവരുന്നത്.

3. “പിന്നെ ഞാൻ ദർശനത്തിൽ സിംഹാസനത്തിന്റെയും ജീവികളുടെയും മൂപ്പന്മാരുടെയും ചുറ്റിലും ഏറിയ ദൂതന്മാരുടെ ശബ്ദം കേട്ടു... സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലുമുള്ള സകല സൃഷ്ടിയും അവയിലുള്ളത് ഒക്കെയും സിംഹാസനത്തിലിരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കുമുണ്ടാകട്ടെ എന്ന് പറയുന്നത് ഞാൻ കേട്ടു... മൂപ്പന്മാർ വീണു നമസ്ക്കരിച്ചു” (വെളി. 5:11–14).

Hierarchy എന്ന പദത്തിന് ചേംബേഴ്സ് ഡിക്ഷ്ണറിയിൽ കൊടുത്തിരിക്കുന്ന അർത്ഥം ഇങ്ങനെയാണ്: “The collective body of angels grouped in three divisions and nine orders of different power and glory.” ഇവിടെ power എന്ന പദം മേൽക്കോയ്മ എന്ന അർത്ഥത്തിലല്ല ശുശ്രൂഷ എന്ന അർത്ഥത്തിലാവണം മനസ്സിലാക്കേണ്ടത്. ദൈവസന്നിധിയിൽ ചുറ്റും ഒമ്പതു വൃന്ദം മാലാഖമാരുണ്ട്. മൂന്നു വൃന്ദങ്ങൾ വീതം മൂന്നു വിഭാഗങ്ങളായി അവർ ദൈവസാന്നിദ്ധ്യത്തിന്റെ ചുറ്റും നിൽക്കുന്നു. ഇവയിൽ ഒന്നാമത്തെ വിഭാഗം സെറാഫുകൾ, കെറൂബുകൾ, സിംഹാസനങ്ങൾ എന്നീ സംഘങ്ങളും രണ്ടാമത്തെ വിഭാഗം കർത്തൃ

ത്വങ്ങൾ, ശക്തികൾ, അധികാരങ്ങൾ എന്നീ സംഘങ്ങളും മൂന്നാമത്തെ വിഭാഗം വാഴ്ചകൾ, പ്രധാന ദൂതർ, ദൂതർ എന്നീ സംഘങ്ങളുമത്രെ. ദൈവതേജസ്സ് സ്വീകരിച്ച് പ്രകാശിതരാവാനുള്ള കഴിവിനൊത്ത് ദൈവസന്നിധിയിൽ ഈ ഒമ്പതു സംഘം ദൈവദൂതർ നിലകൊള്ളുന്നു. വ്യവഹാര ഭാഷയിൽ hierarchy എന്ന പദം അധികാരത്തിന്റെ ശ്രേണിയാണ് സൂചിപ്പിക്കുന്നത്. എന്നാൽ ഇവിടെ hierarchy-ക്ക് ശ്രേണീസങ്കല്പം കാണുന്നില്ല. രേഖീയമായ കീഴ്മേൽ സങ്കല്പത്തിന് പകരം വൃത്തീയമായ പാരസ്പര്യമാണ് കാണുന്നത്.

Hierarchy എന്ന പദം രണ്ട് ഗ്രീക്കു വാക്കുകൾ ചേർന്നുണ്ടായതാണ്. hieros (വിശുദ്ധി) എന്നും arche (ഭരണം, ക്രമം) എന്നും. Hierarchy എന്നാൽ വിശുദ്ധിയുടെ ക്രമം എന്ന് അർത്ഥം കൊടുക്കാം. ഈ സങ്കല്പത്തിൽ പല തട്ടുകളിലായി മേല്ക്കുമേൽ പണിതുയർത്തിയിരിക്കുന്ന രേഖീയവും ഏകരൂപകവുമായ ലോകസങ്കല്പത്തിന് പകരം വൈവിദ്ധ്യവും വൃത്തീയവുമായ ഒരു ലോകസങ്കല്പം കണ്ടെത്താൻ കഴിയും. ഇവിടെ ഉണ്മകളുടെ വൈജാത്യവും, ശുശ്രൂഷകരുടെ വൈവിധ്യവും ഓരോന്നിനും തനത് സ്വത്വവുമുണ്ട്. അധീശവർഗ്ഗം എപ്പോഴും ഉണ്മയുടെ ചലനാത്മകതയും വൈജാത്യവും ഒതുക്കി, ചെത്തിമിനുക്കി ഏകരൂപമാക്കി വരുതിക്കു കീഴിൽ വയ്ക്കാനാണ് ശ്രമിക്കുക. അങ്ങനെയല്ലാതെ വരുമ്പോൾ അധീശവർഗ്ഗം അസ്വസ്ഥവും മർദ്ദനപരവുമാകുന്നു.

വെളിപാട് പുസ്തകം 4 മുതൽ 7 വരെ അദ്ധ്യായങ്ങളിൽ പിതൃപുത്ര പരിശുദ്ധാത്മാവായ ത്രീയേക ദൈവത്തിന്റെ സന്നിധിയിൽ (വെളി: 4:2-3; 5:6; 4:5) ചുറ്റും നിന്ന് ആരാധിക്കുന്ന ആയിരം ആയിരവും പതിനായിരം പതിനായിരവുമായി എണ്ണിക്കൂടാനാവാത്ത ഏറിയ ദൂതന്മാരുടെ സംഘവും (വെളി. 5:11) പഴയനിയമസഭയും (വെളി 7:4) പുതിയനിയമസഭയും (7:9) സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്ക് കീഴിലും സമുദ്രത്തിലുമുള്ള സകലസൃഷ്ടിയും അവയിലുള്ളതൊക്കെയും (5:13) ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് നിൽക്കുന്നു. ഇതേ സങ്കല്പം തന്നെ 148-ാം സങ്കീർത്തനത്തിലും കാണാം. സ്വർഗ്ഗത്തിലെ ദൂതസംഘങ്ങളും ആകാശത്തിലെ സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളും ഭൂമിയിലെ പർവ്വതങ്ങളും കുന്നുകളും വൃക്ഷങ്ങളും മൃഗങ്ങളും ഇഴജാതികളും യുവാക്കന്മാരും യുവതികളും വൃദ്ധരും ബാലരും ചേർന്ന് ഒന്നായി ദൈവത്തെ സ്തുതിക്കുന്നു. വെളിപാട് പുസ്തകത്തിലും സങ്കീർത്തനത്തിലും ദൂതരും മനുഷ്യരും മാത്രമല്ല സകലസൃഷ്ടിയും ഈ വിശുദ്ധിയുടെ ക്രമത്തിൽ (hierarchy) ഓരോരോ സ്ഥാനത്ത് നിൽക്കുന്നു.

ഒരു പിരമിഡ് പോലെ അചലവും, രേഖീയവുമായ അധികാരവും ലോകക്രമവും ഈ സങ്കല്പത്തിൽ കാണാൻ കഴിയുന്നില്ല. പകരം ചലവും ചാക്രികവുമായ ഒരു ലോകസങ്കല്പം ഇവിടെ ഉരുത്തിരിഞ്ഞു വരുന്നു. ഏണിപ്പടികൾപോലെ മേല്കീഴായി നിൽക്കുന്ന അധികാരത്തിന്, ലോകക്രമത്തിന് പാരസ്പര്യവും ആഭിമുഖ്യവും ഇല്ല. എന്നാൽ വിശുദ്ധിയുടെ ക്രമത്തിൽ മേൽക്കോയ്മയും കീഴാഴ്മയും അപ്രസക്തമായിത്തീരുന്നു. ദൈവാഭിമുഖ്യമാണ് അധികാരത്തിന്റെ അളവുകോൽ. പാരസ്പര്യമാണ് എല്ലാറ്റിനെയും കോർത്തിണക്കുന്ന കണ്ണി. ദൈവാരാധനയാണ് ഈ കൂട്ടായ്മയുടെ അടിസ്ഥാനഭാവം. അധികാരത്തെപ്പറ്റിയുള്ള വേദപുസ്തകസങ്കല്പത്തിൽ hierarchy എന്ന പദത്തിന്റെ മൂലസങ്കല്പം ഉത്തമമായ ഒരു മാതൃകയത്രെ. ദൈവസന്നിധിയിൽ നിലകൊണ്ട് നിരന്തരം വിശുദ്ധിയിലും തേജസിലും ഏറെയേറെ പങ്കാളികളായി ദൈവാഭിമുഖമായി വളർന്നുകൊണ്ടിരിക്കുന്ന മനുഷ്യനും പ്രപഞ്ചവും എന്ന ലോകസങ്കല്പം അത്യുദാത്തമാണ്.

4. "സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ മായയ്ക്ക് കീഴ്പ്പെട്ടിരിക്കുന്നു. ... സർവ്വസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടെ ഇരിക്കുന്നുവെന്ന് നാമറിയുന്നുവല്ലോ. ... നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിന് കാത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു" (റോമ. 8:19-23).

"സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായിക്കൊണ്ടു തന്നെ" (എഫെ. 1:10).

".... ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ട് തന്നോട് നിരപ്പിപ്പാനും പിതാവിന് പ്രസാദം തോന്നി" (കൊലൊ. 1:20).



ഉല്പത്തി 1 മുതൽ 3 വരെ അദ്ധ്യായങ്ങളിൽ ദൈവം മനുഷ്യനെയും പ്രപഞ്ചത്തെയും സൃഷ്ടിച്ചതിനെപ്പറ്റി രണ്ടു വിവരണങ്ങൾ കാണാൻ കഴിയും. ഒന്നാമത്തെ വിവരണം 1:1-2:4 ലും രണ്ടാമത്തെ വിവരണം 2:5-3:24 ലും ആണ്. ഉല്പത്തി 1:28-ൽ ദൈവം മനുഷ്യനെ അനുഗ്രഹിച്ചുകൊണ്ട് "നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ *അടക്കി* സമുദ്രത്തിലെ മത്സ്യത്തിന്മേലും, ആകാശത്തിലെ പറവജാതിയിന്മേലും, സകല ഭൂചരജന്തുവിന്മേലും *വാഴുവിൻ*" എന്നു കല്പിച്ചു. ഈ വാകൃത്തിൽ സൃഷ്ടി മുഴുവൻ മനുഷ്യനുവേണ്ടി നിർമ്മിക്കപ്പെട്ടതാണെന്നും സൃഷ്ടിക്ക് അതിൽത്തന്നെ ഒരു സ്വത്വവും അസ്തിത്വവും ഇല്ലെന്നും കാണുന്നു. സൃഷ്ടി മനുഷ്യന്റെ ഒരു ഉപഭോഗവസ്തുവോ മനുഷ്യകരങ്ങളിൽ ഒരു ഉപകരണമോ മാത്രമാണെന്ന് ധാരണ വരുന്നു. എന്നാൽ ഉല്പത്തി 2:15-ൽ മറ്റൊരു സങ്കല്പം കാണാം. ദൈവം മനുഷ്യനെ "ഏദൻതോട്ടത്തിൽ വേലചെയ്‌വാനും അതിനെ കാപ്പാനും അവിടെ ആക്കി." ഒന്നാമത്തെ സൃഷ്ടിവിവരണത്തിൽ പ്രത്യക്ഷത്തിൽ മനുഷ്യന് പ്രകൃതിയിന്മേൽ അധീശത്വം ഉണ്ട് എന്ന സങ്കല്പമാണ് കാണുന്നതെങ്കിൽ രണ്ടാമത്തെ സൃഷ്ടിവിവരണത്തിൽ പ്രകൃതിയുടെ ശുശ്രൂഷയാണ് മനുഷ്യന് നൽകിയിരിക്കുന്ന നിയോഗം. ഉല്പത്തി 1:28 രണ്ടു രീതിയിൽ വ്യാഖ്യാനിക്കാൻ കഴിയും. ഒന്ന്: അടക്കിവാഴുക എന്നതുകൊണ്ട് പ്രപഞ്ചത്തെ സ്വാർത്ഥത്തിനായി ഉപയോഗിക്കാം എന്ന അർത്ഥം നൽകേണ്ടതില്ല. മറിച്ച് സ്വാർത്ഥത നൽകുന്ന പ്രപഞ്ചമോഹങ്ങളെയും അതിലൂടെ വന്നുചേരുന്ന ദാസ്യത്തെയും അതിജീവിക്കണം എന്ന ആഹ്വാനമായി കാണാൻ കഴിയും. പ്രപഞ്ചത്തെ സ്വാർത്ഥത്തിന് ഉപയോഗിക്കുന്ന നിമിഷം അതിനെ അടക്കിവാഴുകയല്ല അതിന് അടിമയായിത്തീരുന്നു എന്നതാണല്ലോ സത്യം. ഉല്പത്തി 2:15 ന്റെ വെളിച്ചത്തിൽ അടക്കിവാഴുക എന്ന നിർദ്ദേശം പ്രപഞ്ചത്തെ ചൂഷണം ചെയ്ത് ഉപഭോഗവസ്തുവും സുഖസൗകര്യങ്ങൾക്കുതകുന്ന ഉപകരണവുമാക്കിത്തീർക്കുന്നവിധം വ്യാഖ്യാനിക്കാൻ കഴിയുകയില്ല. ഉല്പത്തി 1:28-ന് നല്കാവുന്ന വ്യാഖ്യാനം ഇങ്ങനെയാണ്. രണ്ട് സൃഷ്ടിവിവരണങ്ങളിൽ പഴക്കമുള്ള വിവരണം രണ്ടാമത്തേതാണ്. ആദ്യത്തേത് പില്ക്കാലത്ത് ഉണ്ടായതാണ്. രണ്ടാം സൃഷ്ടികഥയിൽ കാണുന്ന 'കാക്കുക' (പരിപാലിക്കുക, സംരക്ഷിക്കുക) എന്ന സമീപനത്തിന് വന്നുചേർന്ന ഒരപചയമാണ് അടക്കിവാഴുക എന്ന ആശയം.

ദൈവത്തെയും പ്രകൃതിയെയും കൂട്ടിയിണക്കുന്ന കണ്ണിയാണ് മനുഷ്യൻ. ദൈവം സ്രഷ്ടാവും മനുഷ്യൻ ഉൾപ്പെടെയുള്ള പ്രപഞ്ചം ദൈവത്തിന്റെ കൈവേലയുമാണ്. മനുഷ്യൻ ദൈവത്തിന്റെ സ്വരൂപമാണ്. ദൈവത്തെ കാണാനാവില്ല. എന്നാൽ കാണാനാവുമെങ്കിൽ അത് മനുഷ്യനാണ് - ദൈവത്തിന്റെ കാണപ്പെട്ട രൂപം. ഈ ദൈവസ്വരൂപം പ്രകൃതിയുടെ ഭാഗവുമാണ്. ആത്മാവ് മാത്രമല്ല ശരീരവും ചേർന്നതാണ് ഈ ദൈവസ്വരൂപം. ആത്മാവ് മനുഷ്യനിലെ ഒരു ഭാഗമല്ല, ശരീരത്തിൽ മുഴുവൻ വ്യാപരിച്ചു നിൽക്കുന്നതാണ് ആത്മാവ്. അതുകൊണ്ട് ശരീരത്തിൽ നിന്ന് അടർത്തി മാറ്റാവുന്നതല്ല ആത്മാവ്. ശരീരം പ്രപഞ്ചത്തിന്റെ ഭാഗമാണ്. മനുഷ്യൻ പ്രപഞ്ചത്തെ സ്വശരീരത്തിൽ ഉൾക്കൊള്ളുന്നതു വഴി ദൈവസ്വരൂപത്തെ പ്രകൃതിയിലേക്ക് സംക്രമിപ്പിച്ചും, പ്രകൃതിയെ ദൈവത്തിങ്കലേക്ക് ആവാഹിച്ചും ദൈവത്തിനും പ്രപഞ്ചത്തിനും ഇട

യിൽ മദ്ധ്യസ്ഥനായി നിൽക്കുന്നു. ഇവിടെ മനുഷ്യനിൽ കേന്ദ്രീകൃതമായ ഒരു പ്രപഞ്ചസങ്കല്പത്തിന് സ്ഥാനമില്ല. ദൈവമാണ് എല്ലാറ്റിന്റെയും കേന്ദ്രം. ദൈവത്തിങ്കലേക്കു പ്രപഞ്ചത്തെ അനുരഞ്ജിപ്പിക്കുന്ന പുരോഹിതനാണ് മനുഷ്യൻ. ഈ അത്യുദാത്തമായ സ്ഥാനത്തേക്ക് ഉയരാതെവണ്ണം പ്രപഞ്ചമോഹങ്ങൾക്ക് അടിമയായിത്തീർന്നിരിക്കുന്ന മനുഷ്യൻ സ്വതന്ത്രനായി ദൈവതേജസ്സിലേക്കു വളരണം. ഈ നിമിഷം പാർത്ത് ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യം കാത്ത് സൃഷ്ടി ഈറ്റുനോവോടിരിക്കുന്നു. മനുഷ്യന്റെ വീഴ്ച അവൻ പ്രകൃതിയിലേക്കും സംക്രമിപ്പിച്ചു. "നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു" (ഉല്പ. 3:17). ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നുള്ള വിടുതൽ സൃഷ്ടിക്ക് ലഭിക്കേണ്ടത് ദൈവമക്കളുടെ തേജസ്ക്കരണത്തിലൂടെയാണ്.

മുൻപറഞ്ഞ ആശയം എഫേസ്യ ലേഖനത്തിലും കൊലോസ്യ ലേഖനത്തിലും വികസിപ്പിച്ചെടുത്തിരിക്കുന്നതായി കാണാം. എഫെ. 1:10-ൽ പ്രപഞ്ചം ഉടലും മനുഷ്യൻ അതിന്റെ ശിരസും ഇങ്ങനെ പ്രപഞ്ചത്തെ സംബന്ധിച്ച ഒരു അഖണ്ഡ ദർശനം കാണുന്നുണ്ട്. ശിരസില്ലാതെ ഉടലും, ഉടലില്ലാതെ ശിരസും ഇല്ലല്ലോ. മനുഷ്യൻ വീണപ്പോൾ ഈ ബന്ധത്തിന് വിള്ളൽ വന്നു. ആദിമനുഷ്യൻ വീണുപോയതുമൂലം സംഭവിച്ച വിള്ളൽ രണ്ടാം മനുഷ്യനിലൂടെ പരിഹരിക്കപ്പെടണം. ഒരു പുതിയ മനുഷ്യ-പ്രപഞ്ച സങ്കല്പമാണ് ഇവിടെ ഉരുത്തിരിഞ്ഞ് വരുന്നത്. 'എല്ലാം' എന്നതിന് തത്തുല്യമായി ഗ്രീക്ക് ഭാഷയിൽ *Tapanta* എന്ന് ഉപയോഗിച്ചിരിക്കുന്നു. ഈ പ്രയോഗം സർവ്വസൃഷ്ടിക്കുമായി ഉപയോഗിക്കുന്നതാണ്. ഒന്നായിച്ചേർക്കുക എന്ന പ്രയോഗത്തിന് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് *anakephalaioo* (recapitulate) എന്നാണ്. ശിരസും ഉടലും തമ്മിൽ നഷ്ടപ്പെട്ടുപോയ ബന്ധം പുതിയ മനുഷ്യനിലൂടെ പുനഃസ്ഥാപിക്കപ്പെടണം. കൊലൊ. 1:20-ൽ ഇതേ ആശയം തന്നെ കാണാനാവും. ഇവിടെ *anakephalaioo* എന്നതിനു പകരം *apokatalasso* (നിരപ്പിക്കുക, അനുരഞ്ജിപ്പിക്കുക) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഇവിടെയും അകന്നുപോയ ബന്ധം വീണ്ടും ഇണക്കിച്ചേർക്കുന്നതായി കാണാം. ഈ വേദഭാഗത്തും സർവ്വ സൃഷ്ടിയും എന്ന അർത്ഥത്തിൽ *ta panta* എന്ന് ഗ്രീക്കു മൂലത്തിൽ ഉപയോഗിച്ചിരിക്കുന്നു.

മനുഷ്യൻ പ്രപഞ്ചത്തിന്റെ ഭാഗമാണ്. ദൈവസ്വരൂപം എന്ന നിലയിൽ പ്രപഞ്ചത്തിനും ദൈവത്തിനും ഇടയിൽ നിന്ന് പ്രപഞ്ചത്തെ ദൈവത്തോട് ഒന്നായിച്ചേർക്കുക, അനുരഞ്ജിപ്പിക്കുക എന്ന ശുശ്രൂഷയാണ് മനുഷ്യനിൽ നിക്ഷിപ്തമായിരിക്കുന്നത്. ഇവിടെ അധികാരം എന്ന സങ്കല്പത്തിനു പകരം ശുശ്രൂഷ എന്ന ആശയത്തിനാണ് ഊന്നൽ.

അധികാരവും അധീശത്വവും ലോകത്തിന്റെ പ്രമാണമാണ്. അധികാരം എന്ന പദത്തിന് സഭയിലും സമൂഹത്തിലും വന്നുപോയിരിക്കുന്ന മൂല്യത്തകർച്ച വീണ്ടെടുക്കാൻ പുതിയനിയമത്തിൽ അധികാരത്തെ സംബന്ധിച്ച് കാണുന്ന സങ്കല്പം ഗൗരവപൂർവ്വമായ പഠനത്തിന് വിധേയമാക്കുന്നത് നന്നായിരിക്കും. നന്മയിലും വിശുദ്ധിയിലും ദൈവാഭിമുഖമായ് വളർന്നും, മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും പ്രപഞ്ചവും തമ്മിലും പരിത്യാഗത്തിലും സ്നേഹത്തിലും ചേർന്നിണങ്ങി ജീവിച്ചും ദൈവതേജസ്സിൽ സൃഷ്ടി മുഴുവനും പങ്കാളികളാകുവാനുള്ള അധികാരമാണ് ക്രിസ്തുവിൽ നമുക്ക് ലഭിച്ചിരിക്കുന്ന രക്ഷയുടെ അന്തഃസത്ത. ഈ തിരിച്ചറിവാണ് മനുഷ്യൻ ഉൾപ്പെടുന്ന സർവ്വ സൃഷ്ടിയുടെയും വിമോചനത്തിലേക്കുള്ള ആദ്യ പടി.

ഗീവർഗീസ് ദ്വിതീയൻ ബാവാ വെല്ലുവിളികൾ ഏറ്റെടുത്ത മഹാചാര്യൻ: കാതോലിക്കാ ബാവാ

കോട്ടയം • പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ സമൂഹത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്ത മഹാചാര്യനായിരുന്നുവെന്നു പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ.

ദേവലോകം കാതോലിക്കേറ്റ് അരമനയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ, പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവാ, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ എന്നിവരുടെ സംയുക്ത ഓർമപ്പെരുന്നാളിൽ അനുസ്മരണ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

മന്നത്തു പത്മനാഭനെ പോലുള്ള വ്യക്തിത്വങ്ങളുമായി ഗീവർഗീസ് ദ്വിതീയൻ ബാവായ്ക്ക് ഉണ്ടായിരുന്ന സൗഹൃദം മതാതീതമായ പ്രവർത്തനമേഖലകളെ വിശാലമാക്കിയെന്നും ബാവാ പറഞ്ഞു.അരമന ചാപ്പലിൽ മൂന്നിന്മേൽ കുർബാനയ്ക്കു ബാവാ മുഖ്യകാർമികത്വം വഹിച്ചു.

ഡോ. യാക്കോബ് മാർ ഐറേനിയസ്, അലക്സിയോസ് മാർ യൗസേബിയോസ് എന്നിവർ സഹകാർമികത്വം വഹിച്ചു.

തുടർന്നു പ്രദക്ഷിണവും കബറിങ്കൽ ധൂപപ്രാർഥനയും നടത്തി. അരമന മാനേജർ ഫാ. യാക്കോബ് തോമസ് നേതൃത്വം നൽകി.



ദേവലോകം കാതോലിക്കേറ്റ് അരമനയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ബാവാമാരുടെ സംയുക്ത ഓർമപ്പെരുന്നാളിനോടനുബന്ധിച്ചു പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ കബറിങ്കൽ പ്രാർഥന നടത്തുന്നു. ഡോ. യൂഹാനോൻ മാർ ദിയസ്കോറസ്, യാക്കോബ് മാർ ഏലിയാസ് തുടങ്ങിയവർ സമീപം.



മലങ്കര ഓർത്തഡോക്സ് സഭയുടെ ഉടമസ്ഥയിലുള്ള പീരുമേട് മാർ ബസേലിയോസ് എഞ്ചിനീയറിംഗ് കോളേജിന്റെ അഡ്മിനിസ്ട്രേറ്ററായി പ്രിൻസ് വർഗീസിനെ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി നിയമിച്ചു. ദേവലോകം അരമനയിൽ നടന്ന ചടങ്ങിൽ പ്രിൻസ് വർഗീസ് നിയമന കൽപന പരിശുദ്ധ പിതാവിൽ നിന്ന് ഏറ്റുവാങ്ങി. അടൂർ-കടമ്പനാട് ഭദ്രാസനത്തിലെ കണ്ണംകോട് സെൻറ് തോമസ് കത്തീഡ്രൽ ഇടവക അംഗമാണ്.



CA Jacob Mathew, (Babu) receiving the Kalpana of appointment as MOSC internal auditor from H. H. Baselios Marthoma Mathews III Catholicos.



പരുമല സെമിനാരിയിൽ ദനഹാ ശുശ്രൂഷകൾക്ക് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മുഖ്യകാർമ്മികത്വം വഹിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം



ദൈവസ്നേഹികൾ

ദനഹായ്ക്ക് ശേഷം ഒന്നാം ഞായർ (വി. മത്തായി.4:12–22)

ഫാ. കെ. കെ. വർഗീസ്

നാല്പതു ദിവസം മരുഭൂമിയിൽ ഉപവസിച്ച് പ്രാർത്ഥിച്ചതിനുശേഷം തന്റെ പരസ്യ ശുശ്രുഷ ആരംഭിക്കുന്ന യേശു ക്രിസ്തുവിൻറെ പ്രവർത്തനങ്ങളുടെ ആരംഭമാണ് (വിശുദ്ധ മത്തായി 4:12) നാം കാണുന്നത്.

1: അവൻ ഗലീലയിലേക്ക് വാങ്ങിപ്പോയി (4:12)

ഹെരോദാവിന്റെ അനിഷ്ടം സമ്പാദിച്ച യോഹന്നാൻ തടവിലാക്കപ്പെട്ട വിവരമറിഞ്ഞപ്പോൾ യേശു ഗലീലയിലേക്ക് പിൻവാങ്ങി എന്നാണ് സൂചിതം. ഒരുപക്ഷേ തനി ക്കും അതേ വിധി ഉണ്ടാവാതിരിക്കാൻ ആവും ക്രിസ്തു അങ്ങനെ മാറിപ്പോയത് എന്ന് ചിന്തിച്ചേക്കാം. പക്ഷേ, അതല്ല സുവിശേഷകൻ പറയുന്നത്. യോഹന്നാനെ തടവിലാക്കിയ അതേ ഹേരോദവ് തന്നെയാണ് ഗലീലയിൽ ഭരണം നടത്തുന്നത്. അതിനാൽ തനിക്ക് അപ്രകാരം രക്ഷപ്പെടാൻ കഴിയില്ല. എന്നാൽ തൻറെ ഈ പിൻവാങ്ങൽ പ്രവചന പൂർത്തീകരണമായാണ് വിശുദ്ധ മത്തായി അവതരിപ്പിക്കുന്നത്. 9:1-3 വരെയുള്ള വാക്യങ്ങളിൽ ജാതികൾക്ക് വെളിപ്പെടുവാനുള്ള വലിയ വെളിച്ചത്തിനെ പറ്റി പ്രവചനം ഉണ്ട്. അതാണ് ഇവിടെ നിവർത്തി ആവുന്നത്. ക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയിലെ കുറെയധികം കാര്യങ്ങൾ ഈ ഗലീലയിൽ ആണ് സംഭവിക്കുന്നത്. 19:1ൽ യഹൂദ്യയിയെലേക്ക് മടങ്ങുന്നതുവരെ അവൻ കഴിയുന്നത് ഗലീലയിൽ തന്നെയാണ്. വി. യോഹന്നാൻ 2:1-11 വരെയുള്ള വാക്യങ്ങളിൽ ഗലീലയിലെ കാനാവിൽ വെച്ച ആദ്യ അത്ഭുതം പ്രവർത്തിക്കുന്നു.വി. മത്തായി 16:16 ൽ ഗലീലയിൽ വെച്ച് പത്രോസ് തന്നെ ജീവനുള്ള ദൈവത്തിൻറെ പുത്രനായ ക്രിസ്തു എന്ന് ഏറ്റുപറയുന്നു.

വി. മത്തായി 26 32ൽ, തന്റെ പുനരുത്ഥാനതിനു ശേഷം മശിഹ ഗലീലിയിലേക്ക് മടങ്ങുന്നു. അവിടെവച്ചുതന്നെ ശിഷ്യരെ ദൗത്യനിർവഹണം ഭരമേൽപ്പിക്കുന്നു വി.മത്തായി 28:16-20 വരെയുള്ള വാക്യങ്ങളിൽ ഇത് നമുക്ക് കാണാം. തന്റെ കൂട്ടത്തിലെ ഏറ്റവും ചെറിയവർക്കുവേണ്ടി (വി.മത്തായി 25:40, 45)

അവരോടുള്ള ആഴമായ വാത്സല്യത്തിൽ നിന്നും ബന്ധത്തിൽ നിന്നു ഉരുവാകുന്ന കരുതലാണ് ക്രിസ്തുവിന്റെ ഈ ഗലീലിയൻ വിശ്വാസത്തിൻറെ ഹേതു. (ചരിത്രകാരനായ ജോസീഫസ്ന്റെ അഭിപ്രായത്തിൽ 15000 ആൾക്കാർ മാത്രം ഉള്ള ഏറ്റവും ചെറിയ പ്രദേശമാണ് ഗലീല).

മശിഹാ തൻറെ ശുശ്രൂഷ ആരംഭിക്കുന്നു (4:17)

സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന മുന്നോട്ടകാരന്റെ അതേ ആഹ്വാനമാണ് കർത്താവ് നൽകുന്നത്. പുതിയ ഉടമ്പടിയുടെ ആദ്യ വാക്കുകളുടെ പ്രത്യേകത മാനസാന്തരപ്പെടുക എന്നതാണ്. കേവലം ജഡം ഉപേക്ഷിക്കലോ, പാപം നിർത്തലോ അല്ല മറിച്ച് ഭൗമീകവും ഭൗതികവുമായ കാര്യങ്ങളിൽ നിന്നുള്ള ഒരു അകന്നു നിൽക്കലാണ് മാനസാന്തരത്തിന്റെ അനുഭവം. തൊട്ടുമുമ്പുവരെ എന്നെ ചുഴ്ന്നു നിന്ന (attachment) സംഗതികളിൽ നിന്നു

ഒരു അകൽച്ച (ditachment) പാലിക്കുക. സമ്പത്തിനും അധികാരത്തിനും അതിനു മേലെയോ 5 ചേർന്നോ നമ്മെ ആകർഷിക്കാൻ കഴിയുന്ന എന്തെങ്കിലുമൊക്കെ കാര്യങ്ങൾ നിന്നുള്ള ഒരു ഒഴിഞ്ഞുമാറൽ ആണ് മാനസാന്തരത്തിന്റെ പ്രമേയം.

യോഹന്നാനും യേശുവും (4:17)

‘ഇത് ദൈവത്തിന്റെ കുഞ്ഞാട് ആണ്, എന്നിലും വലിയവനാണ്, ഞാൻ അവൻറെ മുന്നിൽ യോഗ്യതകൾ ഇല്ലാത്തവനാണ്’. സ്നാപകന് കർത്തോവിനെ കുറിച്ചുള്ള സാക്ഷ്യം ആണിത്. യോഹന്നാൻ ലഭിക്കാവുന്നതിൽ ഏറ്റവും വലിയ സാക്ഷ്യമാണ് കർത്താവ് നൽകുന്നത്. ‘സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാ നേക്കാൾ വലിയവനില്ല.’ ആദരവും ബഹുമാനവും കൊടുത്തു നേടേണ്ടതാണ് (give & take) എന്ന പാഠം ഇവിടെ ഉൾച്ചേർന്നിരിക്കുന്നു. യോഹന്നാൻ ആരംഭിച്ച ശുശ്രൂഷയുടെ (3:2) തുടർച്ചയെന്നോണം ക്രിസ്തു തന്റെ പ്രസംഗവും പ്രവൃത്തിയും ആരംഭിക്കുന്നു (4:17). ഒരു മത്സരമോ ഒട്ടും ആശയക്കുഴപ്പമോ ഇല്ലാതെ അവർ രണ്ടുപേരുടെയും ദൗത്യം ചേർന്ന് പോകുന്നു. ഞാൻ നിർവ്വഹിക്കുന്ന ദൗത്യം, ശുശ്രൂഷ, എനിക്ക് മുന്നേ പോയവരുടെ തുടർച്ചയാണ് എന്നും അത് തുടർന്നുകൊണ്ടു പോകാനുള്ള നിയോഗവുമായിട്ടാണ് ഞാൻ ഇവിടെ നിൽക്കുന്നതെന്നും ചിന്തിച്ചാൽ 2022ലെ സഭാ ശുശ്രൂഷകളിലും യോഹന്നാനും യേശുവും ഒക്കെ അവിടവിടെയായി കാണപ്പെടുമായിരുന്നു..

4: ശിഷ്യത്വത്തിലേക്ക് (4:18-22)

യോഹന്നാൻ തടവിലാക്കപ്പെട്ടു എന്ന വാർത്തയും കർത്താവിന്റെ ശുശ്രൂഷ ആരംഭിക്കുന്നതിനു ഉത്തേജനം നൽകിയ സംഗതികളിൽ ഒന്നാണ്. ഈ ദൗത്യ നിർവഹണത്തിൽ തൻറെ സഹപ്രവർത്തകരാകാൻ ഉള്ളവരെ അതിലേക്ക് ആഹ്വാനം ചെയ്യുന്ന രംഗമാണ് 4:18-22 വരെയുള്ള ഭാഗങ്ങളിലുള്ളത്. തൻറെ ശിഷ്യ സമൂഹത്തിലേക്കുള്ള ആദ്യ ശിഷ്യന്മാരുടെ വിളിയുടെ വിവരണമാണ് മത്തായി ശ്ലീഹ രൂപപ്പെടുത്തുന്നത്.

A) കടൽപ്പുറത്തു കൂടി നടക്കുമ്പോൾ (4:18)

യോഹന്നാൻ തടവിലായി എന്ന് അറിയുമ്പോൾ തനിക്ക് പ്രവർത്തിക്കാനുള്ള സമയമായി എന്ന് മശിഹാ മനസ്സിലാക്കുന്നു. പരസ്യ ശുശ്രൂഷയുടെ മൂന്ന് വർഷങ്ങൾ ശിഷ്യന്മാരെ രൂപപ്പെടുത്തുവാനും സ്വർഗ്ഗരാജ്യത്തിന്റ് മർമ്മങ്ങൾ പഠിപ്പിക്കുവാനുള്ള സമയങ്ങളാണ്. ആദിയിലെ നിയോഗിക്കപ്പെട്ട അപ്പസ്തോല സമൂഹത്തിന് ആ വിളിയിലേക്ക് പരുവപ്പെടുത്താനുള്ള സമയത്തിന്റ് ആദ്യ ചുവട് വെയ്പ് ആണ് ഈ നടപ്പ്. ഇതൊരു എൻകൗണ്ടറിനുള്ള സമയമല്ല. ആരെയാണ് വേണ്ടതെന്നും എന്താണ് അവരോട് ആഹ്വാനം ചെയ്യണ്ടത് എന്നും അറിയുന്നവൻ അവരിലേക്ക് ആഗതൻ ആവുകയാണ്.

B) വരുവിൻ.....

ചില സുവിശേഷ ഭാഗങ്ങളിൽ കർത്താവ് ദീർഘമായ സംഭാഷണങ്ങളിൽ ഏർപ്പെടുന്നതിന്റെ വിവരണങ്ങളുണ്ട് (ധനികനായ യുവാവും, വി.മത്തായി 19, ശമരിയാകാരിയും, വി. യോഹ.4) അത് പലപ്പോഴും അവരുടെ വ്യക്തിപരമായ കാര്യങ്ങളിൽ ആണു താനും. എന്നാൽ ഇവിടെ വലിയ ചുമതല നിർവഹണത്തിനായുള്ള ക്ഷണം നോക്കുക. ‘പിന്നാലെ വരുവിൻ’ അത്രേയുള്ളൂ..

അത്രമേൽ ലളിതമായ ഒരു ആഹ്വാനം. ശിഷ്യരുടെ ഭാഗത്തു നിന്ന് ആകട്ടെ ഉടനടി പ്രതികരണവും (4:21). വലിയ ദൗത്യങ്ങളുടെ പൂർത്തീകരണത്തിനായുള്ള ഒരു ദൈവിക ക്ഷണം പ്രതീക്ഷിച്ചു നിൽക്കണമെന്നില്ല. ദൈനംദിന ജീവിതത്തിലെ ചെറിയ ചെറിയ സംഗതികൾ, അവയ്ക്കുവേണ്ടി ജാഗ്രത ഉള്ളവർ ആയിരിക്കുക. സ്വന്തമായവരോടുള്ള അനുഭാവപൂർണമായ ഇടപെടൽ,(പലപ്പോഴും പുറത്തുള്ളവർക്ക് നമ്മൾ പ്രാപ്തരാണ്. കൂടെയുള്ളവരോടാണ് കടുപ്പം പുലർത്തുന്നത്..) കുഞ്ഞുങ്ങളോട് കുറച്ചുകൂടി അവധാനത, അയൽപക്കങ്ങളോട് കുറേ കൂടി വിശാലത. അങ്ങനെ......

ചെറിയ കാര്യങ്ങളിൽ ഉള്ള വിശ്വസ്തതയും വിശാലതയും അതുവഴി വൻ കാര്യങ്ങളിലുള്ള പുനരാനയിക്കലുമാണ് ശിഷ്യത്വത്തിന്റെ പ്രമാണങ്ങൾ.....

ഉടനെ അവർ വല വിട്ട്... (4:21)

കടപ്പുറത്തെ ചെറുപ്പക്കാരുടെ പ്രതികരണം ശ്രദ്ധിക്കുക, ‘ ഉടനെ അവർ വല വിട്ടേച്ചു....‘. പൂർണ്ണമായും, സന്തോഷഭരിതമായും, എന്നൊക്കെ ആ പുറപ്പാടിനെ വിശേഷിപ്പിക്കാം. ഇവിടെ ഒരു ധ്യാന ചിന്തയുണ്ട്.അവന്റെ വിളിയോടുള്ള

എൻറെ പ്രതികരണമെന്താണ്.?? പരിശുദ്ധ സഭ വഴിയായി, മേലധികാരികൾ വഴിയായി, മാതാപിതാക്കൾ, പങ്കാളികൾ, കുഞ്ഞുങ്ങൾ, സാമൂഹ്യ സംവിധാനങ്ങൾ ഒക്കെ വഴിയായി അവൻറെ മനസ്സ് നമുക്ക് വെളിപ്പെട്ടു കിട്ടാറുണ്ട്.എന്റെ പ്രതികരണം നിസ്വാർത്ഥം ആണോ?. അതോ, പ്രതികരണത്തിന് മുമ്പായി ഞാൻ ലാഭനഷ്ടങ്ങൾ കണക്കു കൂട്ടാരുണ്ടോ? ഒരു പുനർ ചിന്തനം ആവശ്യമാണ്. അവനോട് പ്രതികരിച്ചാൽ എനിക്ക് എന്ത് കിട്ടും? അനന്തമായ ആനന്ദം. അതു മാത്രമേ അവൻ വാഗ്ദാനം ചെയ്യുന്നുള്ളൂ.

ചില കാര്യങ്ങൾ മറന്നിട്ട് വരിക

ക്രിസ്തുവിനെ അനുഗമിക്കുക എന്നാൽ ചിലതൊക്കെ മറക്കുക എന്നു തന്നെയാണ് അതിന്റെ നിബന്ധന. ക്രിസ്തുവിനു മുൻഗണന നൽകുമ്പോൾ മറ്റു പലതും ഉപേക്ഷിക്കേണ്ടതായി വരുന്നു. എന്തായിരുന്നു അവർ ഉപേക്ഷിച്ചത്??

1) പാപം. എല്ലാത്തരം ആളുകളെയും ക്രിസ്തു തന്റെ കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യുന്നു. ചുങ്കക്കാരെയും പാപിയെയും എല്ലാം. പക്ഷേ അവരുടെ പാപത്തെ താൻ സ്വാഗതം ചെയ്യുന്നില്ല. ' പോവുക, ഇനി പാപം ചെയ്യരുത് '. ഇതാണ് ക്രിസ്തുവിന്റെ മനോഭാവം. അതുകൊണ്ട് ക്രിസ്തുവിനെ അടുക്കലേക്ക് പോകുന്നവർ തങ്ങളുടെ പാപങ്ങൾ മറന്നിട്ട് വേണം പോകാൻ.

2) തൊഴിൽ- ശിഷ്യന്മാർ ആദ്യന്തം മുക്കുവർ ആയിരുന്നു. മറ്റൊരു തൊഴിലിനെ അവർക്ക് ഊഹിക്കാൻ പോലുമാകുമായിരുന്നില്ല. തൊഴിൽ അവരുടെ വ്യക്തിത്വത്തിനെ തന്നെ നിർവചിക്കുന്നതായിരുന്നു. ക്രിസ്തുവിനെ പിന്തുടർന്നപ്പോൾ അവൻ അവരുടെ ആ വ്യക്തിത്വത്തെ തന്നെ രൂപാന്തരപ്പെടുത്തുന്നു. വെള്ളത്താൽ ചുറ്റപ്പെട്ട ജീവിതം നയിച്ചിരുന്ന അവർ പിന്നീട് മനുഷ്യരാൽ ചുറ്റപ്പെട്ട അവസ്ഥയിലേക്ക് മാറ്റപ്പെട്ടു.

3) സ്വത്വം – സ്വയം നിഷേധിക്കുക. തങ്ങളെ തന്നെ മറന്നുകൊണ്ട് ക്രിസ്തുവിനു പുറകെ പോയ ശിഷ്യ സമൂഹത്തിന് ലഭിച്ച ഏക ആനുകൂല്യം തങ്ങളുടെ സ്രഷ്ടാവും നിയന്താവുമായവനെ മുഖാമുഖം കണ്ട് അവനിൽ നിന്ന് പഠിക്കാൻ ഒത്തു, രാജാധിരാജാവിൻറെ സുഹൃത്ത് വലയത്തിൽ ആയിത്തീർന്നു, എന്നിങ്ങനെയുള്ള കാര്യങ്ങളാണ്.

4) അധികാരം – ക്രിസ്തു ആണ് ഇനി എൻറെ സർവ്വാധികാരി എന്ന ബോധ്യം ക്രിസ്തുവിനെ പിന്തുടർന്നവർ മറന്നുപോകാതെ സൂക്ഷിക്കേണ്ട ഒരു ഓർമ്മയാണ്. മറ്റെന്തെങ്കിലും അവനെക്കാൾ അധികമായി എന്നെ നിയന്ത്രിക്കുന്നു എങ്കിൽ ആ അധികാരസ്ഥാനങ്ങളെയും സ്ഥാപനങ്ങളെയും ഞാൻ മറക്കണ്ടതായിട്ടുണ്ട്

ശിഷ്യന്മാരുടെ 10 സാക്ഷ്യങ്ങൾ

കർത്താവിന്റെ നാമവും മഹത്വവും അവർക്ക് വെളിപ്പെട്ടിരിക്കുന്നു (യോഹ. 17:6, 22, 23).

ശിഷ്യന്മാർ ദൈവത്തിൻറെ വകയാണ് (യോഹ. 17:6, 9)

ശിഷ്യന്മാർ തങ്ങളുടെ നാഥനും ഗുരുവുമായവന്റെ വചനം കൈക്കൊള്ളുകയും പ്രമാണിക്കയും ചെയ്തിരിക്കുന്നു (17:6, 8).

അവർ ദൈവത്തെ അറിയുകയും തങ്ങളുടെ ഗുരു ദൈവത്തിൽ നിന്ന് വന്നു എന്ന് വിശ്വസിക്കുകയും ചെയ്യുന്നു. (17:7, 8, 25).

ലോകം അവരെ പകയ്ക്കും(17:14).
അവരുടെ നാഥനേപോലെ ലൗകീകർ അല്ലാത്തവർ (17:14, 16).
ദൈവനാമം അവരിൽ മഹത്വപെട്ടിരിക്കുന്നു (17:10).
ദൈവതാൽ നൽകപ്പെട്ടവർ.(17:2,6,9,11,12,24).
നിത്യജീവൻ നൽകപ്പെട്ടവർ(17:2,3).
ദൈവതാൽ സൂക്ഷിക്കപ്പെട്ടവർ(17:12).

❑



റമ്പാൻ സ്ഥാനം നൽകി

പത്തനാപുരം: മൗണ്ട് താബോർ ദയറ അംഗങ്ങളായ ഫാ. കെ. വി. പോൾ, ഫാ. ഡേവിഡ് എന്നിവരെ റമ്പാൻ സ്ഥാനത്തേക്ക് പരിശുദ്ധ കാതോലിക്കാ ബാവ ഉയർത്തി. തദവസരത്തിൽ യൂഹാനോൻ മാർ മിലിത്തിയോസ്, യാക്കോബ് മാർ ഐറേനിയോസ്, ജോസഫ് മാർ ദീവന്നാസിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, എബ്രഹാം മാർ എപ്പിഫാനോസ്, അലക്സിയോസ് മാർ യൗസേബിയോസ് എന്നിവർ സന്നിഹിതരായിരുന്നു. അനുമോദന ചടങ്ങിൽ മലങ്കരസഭയുടെ നേതൃസ്ഥാനികൾ,ആത്മീയ സംഘടനാ പ്രസ്ഥാനപ്രവർത്തകർ ,രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക നേതാക്കൾ നവ റമ്പാന്മാർക്ക് ആശംസകൾ നേർന്നു.



മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രളയദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി കോട്ടയം ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നിർമ്മിച്ചു നൽകുന്ന 18 ഭവനങ്ങളുടെ കട്ടള വെയ്പ്പ് ചടങ്ങുകൾ പാമ്പാടി ദയറാ മാനേജർ ഫാ. മാത്യു കെ. ജോൺ, മുണ്ടക്കയം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. കുര്യാക്കോസ് മാണി, കൂട്ടിക്കൽ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. യോഹന്നാൻ എന്നിവരുടെ കാർമ്മികത്വത്തിൽ നടന്നു:

Church Calendar



Come, let's follow Him

St Matthew 4:12-22

Fr. Nithin V. Rajan

Who is our role model? Usually we crib and cry that we don't have legends to follow. Jesus Christ is our Goal and only through Him we will reach our destiny. Jesus Christ became Man and showed us the way to heaven. Being human, Christ had been through all the temptations but overcame everything and became victorious. He has paved the way and expects all to walk through it.

St. Matthew 4:12-17 *"Now when Jesus heard that John had been put in prison, He departed to Galilee. And leaving Nazareth, He came and dwelt in Capernaum, which is by the sea, in the regions of Zebulun and Naphtali, that it might be fulfilled which was spoken by Isaiah the prophet, saying: "The land of Zebulun and the land of Naphtali, By the way of the sea, beyond the Jordan, Galilee of the Gentiles: The people who sat in darkness have seen a great light, And upon those who sat in the region and shadow of death, Light has dawned." From that time Jesus began to preach and to say, "Repent, for the kingdom of heaven is at hand."*

Presence felt

We too as followers of Christ are called to lead by His examples. As salt makes its presence felt where ever it's used, we too are to make our presence felt in a positive way; not for our glory but for the glorification of God's Kingdom. Our presence should be able to provide security to others than the sense of insecurity.

We usually try to trample others forgetting that God's plan in each person's life is different. We try to snatch the position and gifts of others forgetting to nurture our own God gifted talents.

Also we fail to understand a candle loses nothing by lightning another. Here we have to think about the farmer who distribute high quality seeds to his neighbors. Once there was a farmer who grew excellent quality corn. Every year, he won the award for the best grown corn. One year a newspaper reporter interviewed him and learned something interesting about how he grew it. The reporter discovered that the farmer shared his seed corn with his neighbors. "How can you afford to share your best seed corn with your neighbors when they are entering corn in competition with yours each year?" the reporter asked.

"Why sir," said the farmer, "Didn't you know? The wind picks up pollen from the ripening corn and swirls it from field to field. If my neighbors grow inferior corn, cross-pollination will steadily degrade the quality of my corn. If I am to grow good corn, I must help my neighbors grow good corn."

When we share goodness we make this world a little sweeter. The ultimate aim of Christian life to become a role model like Jesus. To forgive like him, to love like him, to be like him and to serve like him. Former president of Kenya Mwaikibaki said that "Leadership role is a privilege to better the lives of others; it is not an opportunity to satisfy personal greed"-

St. Matthew 4:18-22: *"And Jesus, walking by the Sea of Galilee, saw two brothers, Simon called Peter, and Andrew his brother, casting a net into the sea; for they were fishermen. Then He said to them, "Follow Me, and I will make you fishers of men." They immediately left their nets and followed Him. Going on from there, He saw two other brothers, James the son of Zebedee, and John his brother, in the boat with Zebedee their father, mending their nets. He called them, and immediately they left the boat and their father, and followed Him."*

Changes

We need to change from what we are doing to follow Jesus. That is not as easy as we can see the rich young man who went to Jesus asking what I can do to follow you or inherit kingdom of God. In ***St. Matthew 19:21-22*** *Jesus said to him, "If you want to be perfect, go, sell what you have and give to the poor, and you will have treasure in heaven; and come, follow Me." But when the young man heard that saying, he went away sorrowful, for he had great possessions.* Here we can see sometimes there are road blockages for us to follow Christ. It can be our wealth, our friends, our habits, etc.. Following Christ is not so easy but not a road untaken. we need self-denial and renewal for this journey. That's what we read in ***2 Corinthians 5:17*** *"Therefore, if anyone is in Christ, the new creation has come: The old has gone, the new is here!"*

Change is not welcomed by all as all are happy in their own spaces. Following Christ needs only small steps as we can see when Zacchaeus wanted to see Jesus he made a small step by climbing the Fig tree but Jesus understood his desire and went and stayed with him and dined with him. And there was major change in his life.

His choice and selection are different from human understanding as we see killer becomes pillar for Christ with his name Saul to Paul.

As we boast ourselves as Christian the followers of Christ. As Apostolic successor, our duty is to follow Christ and bring others to light, this is a very important responsibility of our life on earth.

Jesus is calling you to be His follower today. He is calling you to deny yourself, daily pick up your cross and follow him. Disciples of Jesus Christ are made by God, through repentance and believing in Jesus as our Savior. Disciples are evidenced by denying themselves, willing to carry their daily crosses and follow Jesus. They are not themselves anymore but Jesus living inside.

Let's not just preach but also practice what we preach, that is how we can determine if we are obeying Jesus. If we are not practicing the words Jesus spoke, then we simply aren't obeying Jesus.

Last but not the least, the best way to follow Him is to love ourselves and love everyone and everything in this universe like a part of our self just like the disciple of Jesus Christ or any prophet ever walked on this earth.

❑



സഭ ശാന്തമായ ഒരു തുറമുഖത്തേക്ക് അടുത്തുകൊണ്ടിരിക്കുന്നു: പ. കാതോലിക്കാ ബാവാ

കോലഞ്ചേരി: കണ്ടനാട് വെസ്റ്റ് ഭദ്രാസന പൊതുയോഗം ഭദ്രാസന ആസ്ഥാനമായ കോലഞ്ചേരി പ്രസാദം സെന്റ്റിൽ വച്ച് നടന്നു. പരിശുദ്ധ കാതോലിക്ക ബാവാ അധ്യക്ഷത വഹിച്ചു. സഭ പ്രയാസങ്ങളുടെ കാലഘട്ടത്തിൽ നിന്ന് ശാന്തമായ ഒരു തുറമുഖത്തേക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. വ്യവഹാര രഹിത സഭയെന്ന ആത്യന്തിക ലക്ഷ്യത്തിലേക്ക് നമ്മുടെ സഭ അധികം വൈകാതെ എത്തിച്ചേരുമെന്ന് പരിശുദ്ധ ബാവ തിരുമേനി കൂട്ടി ചേർത്തു. പ. കാതോലിക്ക ബാവ സഭയുടെ തനിമയും സ്വാതന്ത്ര്യത്തെയും മുറുകെപ്പിടിക്കുകയും എല്ലാവരെയും അതിനുവേണ്ടി ഉൽസാഹിപ്പിച്ച കാര്യം നമ്മൾ മറക്കരുതെന്ന് പ. ബാവ തിരുമേനി ഓർമിപ്പിച്ചു.

ഭദ്രാസനത്തിന്റെ വാർഷിക റിപ്പോർട്ടും വരവ് ചിലവ് കണക്കുകളും പൊതുയോഗത്തിൽ അവതരിപ്പിക്കുകയും പൊതുയോഗം അത് പാസാക്കുകയും ചെയ്തു. 2021-2026 വർഷത്തേക്കുള്ള ഭദ്രാസന കൗൺസിലിനെ പൊതുയോഗത്തിൽ വച്ച് തിരഞ്ഞെടുത്തു. ഭദ്രാസന സെക്രട്ടറിയായി ഫാ. ജോസ് തോമസ് പൂവത്തുങ്കൽ, ഭദ്രാസന കൗൺസിൽ അംഗങ്ങളായി ഫാ. റോബിൻ മർക്കോസ്, ഫാ. എബ്രഹാം കെ. ജോൺ, ഗ്ലാഡ്സൺ ചാക്കോ കുഴിയേലിൽ, റോയ് ജോൺ, സജി വർക്കിച്ചൻ, അജു മാത്യു പുന്നക്കൽ എന്നിവരെയും തിരഞ്ഞെടുത്തു. ഭദ്രാസനത്തിൽ നിന്നുള്ള പത്താം ക്ലാസ് പന്ത്രണ്ടാം ക്ലാസ് മത്സര പരീക്ഷകളിൽ ഉന്നത വിജയം നേടിയ കുട്ടികളെ അനുമോദിക്കുകയും അവർക്കുള്ള പാരിതോഷികങ്ങൾ നൽകുകയും ചെയ്തു.

ഓർത്തഡോക്സ് സഭ പ്രതിഷേധിച്ചു

കോട്ടയം: കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളിയിൽ പെരുന്നാളിനോടുബന്ധിച്ച് ഇടവകാംഗത്തെ അക്രമിക്കാൻ ശ്രമിക്കുകയും വധഭീഷണി മുഴക്കുകയും ചെയ്ത പാത്രിയക്കീസ് വിഭാഗത്തിന്റെ നടപടിയിൽ ഓർത്തഡോക്സ് സഭാ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ ശക്തമായ പ്രതിഷേധം അറിയിച്ചു. വധഭീഷണി മുഴക്കിയ സർക്കാർ ജീവനക്കാരന് എതിരെ വകുപ്പ് തല നടപടി സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. മലങ്കര സഭയുടെ 1934 ഭരണഘടനപ്രകാരം ഭരിക്കപ്പെടുന്ന ഈ ദേവാലയത്തിൽ നിന്ന് സ്വയം ഒഴിഞ്ഞു പോയവർ സമാധാന അന്തരീക്ഷം തകർക്കാൻ ബോധപൂർവ്വം നടത്തുന്ന ശ്രമങ്ങളിൽ നിന്ന് പിൻതിരിയണമെന്ന് മാർ ദീയസ്ക്കോറോസ് ആവശ്യപ്പെട്ടു. നിയമവിധേയമായും സമാധാനപരമായും ദേവാലയത്തിൽ ആരാധനയിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്നവർക്ക് എപ്പോഴും സ്വാഗതം ഉണ്ടെന്നും അദ്ദേഹം അറിയിച്ചു.



ഡോക്ടറേറ്റ് നേടി

അമേരിക്കയിലെ കൻസാസ് യൂണിവേഴ്സിറ്റിയിൽ നിന്നും നഴ്സിംഗ് അഡ്മിനിസ്ട്രേഷനിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ **റീന എബ്രഹാം വർക്കി.** ചിക്കാഗോയിലെ ബെൽവുഡ് സെന്റ് ഗ്രീഗോറിയോസ് കത്തീഡ്രൽ അംഗവും സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന കൌൺസിൽ അംഗവും ആയ കോട്ടയം, കുഴിമറ്റം ചാലുവേലിൽ എബ്രഹാം വർക്കിയുടെ സഹധർമ്മിണിയാണ്. ചിക്കാഗോയിലുള്ള അമേരിക്കൻ മിലിറ്ററി ഹോസ്പിറ്റലിൽ മാനേജർ ആയി സേവനം അനുഷ്ഠിക്കുന്ന ഡോ: റീന എബ്രഹാം വർക്കി സഭയുടെ മർത്തമറിയം സമാജത്തിന്റെ ചിക്കാഗോ മേഖലയിലെ നേതൃനിരയിൽ പ്രവർത്തനനിരതയാണ്. യൂണിവേഴ്സിറ്റി വിദ്യാഭ്യാസം നടത്തുന്ന ഇവരുടെ രണ്ടു ആൺമക്കളും സഭാപ്രവർത്തനങ്ങളിൽ കർമ്മനിരതരാണ്.



വിധവയ്ക്കും രണ്ടു മക്കൾക്കും ഭവനം സമ്മാനിച്ച് പ. കാതോലിക്കാ ബാവ

ഒരു മുറിയിൽ താമസിച്ചിരുന്ന ക്യാൻസർ രോഗിയായ വെള്ളകുളങ്ങര കനക വിലാസം രാധാകൃഷ്ണന്റെയും കുടുംബത്തിന്റെയും ദുരവസ്ഥ ഏറത്ത് ഗ്രാമ പഞ്ചായത്ത് അംഗമായ ശ്രീമതി ശ്രീജ കുമാരിയാണ് ഫാ. ഡോ. റിഞ്ചു പി കോശിയെ അറിയിക്കുന്നത്. 5 സെൻറ് വസ്തുവിൽ ഒരു ഭവനം എന്ന അവരുടെ സ്വപ്നം യാഥാർഥ്യമാക്കി ക്യാൻസർ രോഗിയായ രാധാകൃഷ്ണനെയും കുടുംബത്തെയും പുനരധിവസിപ്പിക്കാൻ ആഗ്രഹിച്ചു. നിരവധി പരിശ്രമങ്ങൾക്ക് ഒടുവിൽ വിവാഹ വാർഷികം ആചരിക്കുന്ന ദമ്പതികളുടെ മക്കൾ നൽകിയ സഹായമാണ് ഈ സ്വപ്നം യാഥാർഥ്യമാക്കാൻ അച്ചനെ സഹായിച്ചത്. അഞ്ചര ലക്ഷം രൂപ ചെലവഴിച്ചാണ് ഭവനം നിർമ്മിച്ചത്. കടമ്പനാട് സെൻറ് തോമസ് ഹയർ സെക്കൻഡറി സ്കൂളിലെ നാഷണൽ സർവീസ് സ്കീമിലെ കുട്ടികളുടെ സഹകരണവും ഈ ഭവനനിർമ്മാണത്തിന് ഉണ്ടായിരുന്നു. പരിശുദ്ധ കാതോലിക്കാ ബാവാ നേരിട്ട് എത്തുകയും ഭവനത്തിന്റെ താക്കോൽ നൽകുകയും ചെയ്തത് തദ്ദേശവാസികളിൽ ആശ്ചര്യം ഉളവാക്കി. പരിശുദ്ധ പിതാവ് നല്കിയ നിലവിളക്ക് ഒരു അമൂല്യ സമ്മാനമായി സൂക്ഷിക്കുമെന്നു ഭവനക്കാർ പറയുന്നു സെൻറ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകനും അടൂർ കടമ്പനാട് മെത്രാസന വൈദിക സംഘം സെക്രട്ടറിയും നാഷണൽ സർവീസ് സ്കീം പത്തനംതിട്ട ജില്ല മികച്ച പ്രോഗ്രാം ഓഫീസറുമായ ഫാ ഡോ. റിഞ്ചു പി കോശിയുടെ നേതൃത്വത്തിൽ നിർധനരായ അഞ്ച് പേർക്ക് നല്കുന്ന ഭവനങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.





മന്നം സമാധിയിൽ പുഷ്പാർച്ചന നടത്തി

ചങ്ങനാശ്ശേരി: മന്നത്തു പത്മനാഭൻറെ 145-ാം ജയന്തി ആചരണങ്ങളിൽ പ. കാതോലിക്കാ ബാവാ പങ്കുചേർന്നു. ചങ്ങനാശേരി എൻ.എസ്.എസ്. ആസ്ഥാനത്ത് എത്തി മന്നം സമാധിയിൽ പുഷ്പാർച്ചന നടത്തി. മലങ്കര സഭയും, എൻ.എസ്.എസ്. പ്രസ്ഥാനവുമായുള്ള സുദീർഘമായ സ്നേഹബന്ധത്തെക്കുറിച്ച് ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായരുമായുള്ള സൗഹൃദ സംഭാഷണത്തിൽ അനുസ്മരിച്ചു. സാമൂഹ്യരംഗങ്ങളിൽ നായർ സർവ്വീസ് സൊസൈറ്റി നടത്തി വരുന്ന ഇടപെടലുകളെ പ. കാതോലിക്കാ ബാവാ ശ്ലാഘിക്കുകയും, മലങ്കര സഭയുടെ ആശംസയും പിന്തുണയും അറിയിക്കുകയും ചെയ്തു.

അഡ്വ. ചെറിയാൻ വർഗീസ് നിര്യാതനായി



തിരുവല്ല: കവിയൂർ മുൻ പഞ്ചായത്ത് പ്രസിഡന്റും കേരള ബാർ കൗൺസിൽ അംഗവും ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റിയംഗവുമായ കവിയൂർ പകലോമറ്റം പള്ളി വടക്കേതിൽ ചിറത്തലയ്ക്കൽ (മഠത്തിൽ വീട്ടിൽ) അഡ്വ. ചെറിയാൻ വർഗീസ് (67) അന്തരിച്ചു.

സംസ്കാരം കവിയൂർ ശ്ലീബാ ഓർത്തഡോക്സ് പള്ളിയിൽ നടത്തി. ഭാര്യ: സാറാമ്മ ചെറിയാൻ മനയ്ക്കച്ചിറ കിഴവറമണ്ണിൽ കുടുംബാംഗം. മക്കൾ: റീന അന്ന ചെറിയാൻ (ന്യൂസിലൻഡ്), പരേതനായ അഡ്വ. റെഞ്ചി ജോർജ് ചെറിയാൻ. മരുമക്കൾ: തോമസ് വർഗീസ്, അഡ്വ. ഷിജിമോൾ എം. മാത്യു.

മലങ്കര ഓർത്തഡോക്സ് സഭ ന്യൂസ് ബുള്ളറ്റിനിന്റെ നാലാം വാല്യം മുഴുവൻ (56 ലക്കം) ഈ ലിങ്കിൽ ലഭ്യമാണ്.



അജപാലന ശുശ്രൂഷയിൽ 40 വർഷം പൂർത്തീകരിച്ച പാലാ രൂപതാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ടിനെ പ. കാതോലിക്കാ ബാവാ പൊന്നാടയണിയിച്ച് ആദരിച്ചു.



ഡോ. ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലിത്താ കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളിയിലേക്ക് പ്രവേശിക്കുന്നു.



പ്രഫ. എം. വൈ. യോഹന്നാൻ അന്തരിച്ചു

എറണാകുളം: പ്രമുഖ സുവിശേഷകൻ പ്രഫ. എം. വൈ. യോഹന്നാൻ (84) അന്തരിച്ചു. വൃക്കസംബന്ധമായ അസുഖത്തെതുടർന്നു ചികിത്സയിലായിരുന്നു. മെഡിക്കൽ ഉപകരണങ്ങൾ നിർമിക്കുന്ന അഗപ്പെ ഡയഗ്നോസ്റ്റിക് ചെയർമാനായ പ്രഫ. എം. വൈ. യോഹന്നാൻ, കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജ് റിട്ട. പ്രിൻസിപ്പലാണ്. 100-ൽപരം സുവിശേഷ പുസ്തകങ്ങളുടെ ഗ്രന്ഥകർത്താവു കൂടിയാണ്.

കോലഞ്ചേരിയിലെ കടയിരുപ്പിൽ ഇടത്തരം കാർഷിക കുടുംബത്തിലാണ് പ്രഫ.എം.വൈ.യോഹന്നാൻ ജനിച്ചത്. സ്വകാര്യ വിദ്യാർഥിയായി പഠനം നടത്തി ബിരുദവും ബിരുദാനന്തര ബിരുദവും നേടി. പിന്നീട് യൂണിവേഴ്സിറ്റി റാങ്കോടെ ബിഎഡ് പൂർത്തിയാക്കി.

1964-ൽ സെന്റ് പീറ്റേഴ്സ് കോളജിൽ അധ്യാപകനായി ചേർന്നു. 33 വർഷം ഇതേ കോളജിൽ അധ്യാപകനായി ജോലി ചെയ്തു. 1995-ൽ പ്രിൻസിപ്പലായി നിയമിതനായി. രണ്ടു വർഷത്തിനുശേഷം വിരമിച്ചു. 'സ്വമേധയാ സുവിശേഷ സംഘം' എന്ന മിഷനറി സംഘത്തിലെ സജീവ അംഗമായിരുന്നു. പതിനേഴാം വയസ്സുമുതൽ സുവിശേഷപ്രഘോഷണ രംഗത്തു സജീവമായി.




ഡെറിൻ രാജുവും ജോയ്സ് തോട്ടയ്ക്കാടും ചേർന്ന് രചിച്ച 'മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ: ചരിത്രം, രേഖകൾ' എന്ന ഗ്രന്ഥം യൂഹാനോൻ മാർ പോളിക്കർപ്പോസ് പ്രകാശനം ചെയ്തു.



വടകര സെന്റ് ജോൺസ് ഹയർ സെക്കന്ററി, റ്റി.റ്റി.ഐ എന്നിവയടങ്ങുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജരായി ബോബി ജോർജ് തട്ടമ്പാറ ചുമതല ഏറ്റെടുക്കുന്നു. വികാരിയും സ്കൂൾ ബോർഡ് ചെയർമാനുമായ ഫാ. മേരി ദാസ് സ്റ്റീഫൻ, ബോർഡ് അംഗങ്ങൾ എന്നിവർ സമീപം.



കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് എം.എസ്.സി. അപ്ലൈഡ് സൈകോളജിയിൽ റിന്റു മരിയം റെജി ഒന്നാം റാങ്ക് കരസ്ഥമാക്കി. മലബാർ ഭദ്രാസനത്തിലെ പനമണ്ണ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.



സംഗീത രത്ന പുരസ്ക്കാരം ഫാ. ഡോ. എം. പി. ജോർജിന്

കോട്ടയം: എക്യുമെനിക്കൽ ക്രിസ്മസ് ആദ്യമായി കോട്ടയത്ത് സാധ്യമാക്കിയ ഫാ. ആന്റണി വാഴപ്പള്ളിയുടെ സ്മാരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള സംഗീത രത്ന പുരസ്ക്കാരം ഫാ. ഡോ. എം. പി. ജോർജിന്. 50,001 രൂപയും, ഫലകവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്.

ജനുവരി 17-ന് ആന്റണി വാഴപ്പള്ളി അച്ചന്റെ ഇരുപത്തിയൊമ്പതാം ചരമദിനത്തിൽ അദ്ദേഹത്തിന്റെ ജന്മസ്ഥലമായ തൃശൂരിൽ വച്ച് റവന്യൂ മന്ത്രി കെ രാജൻ അവാർഡ് സമ്മാനിക്കും.

2015-ൽ പാശ്ചാത്യ സംഗീതവും, കർണാടക സംഗീതത്തിലെ രാഗങ്ങളും ഉൾപ്പെടുത്തി ഒരു വിഷു പക്ഷിയുടെ ഗാനം എന്ന് പേരിട്ട സിംഫണിക്കാണ് പുരസ്കാരം നൽകുന്നത്.



ലോഗോ പ്രകാശനം ചെയ്തു

ദുബായ്: കുന്നംകുളം ഓർത്തഡോക്സ് പ്രവാസി അസോസിയേഷന്റെ പുതിയ ലോഗോ ഡൽഹി ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് മെത്രാപ്പോലിത്ത പ്രകാശനം ചെയ്തു. മലങ്കര മെത്രാപ്പോലീത്താമാരായിരുന്ന പരിശുദ്ധ പുലിക്കോട്ടിൽ തിരുമേനിമാരുടെയും മലങ്കര മെത്രാപ്പോലീത്തയും പരിശുദ്ധ കാതോലിക്കാ ബാവായും ആയിരുന്ന പരിശുദ്ധ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെയും ചിത്രങ്ങളാണ് ഇപ്പോൾ ലോഗയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ദുബായ് പള്ളിയിൽ വച്ച് നടന്ന പ്രകാശന ചടങ്ങിൽ ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ വികാരി ഫാ. ബിനീഷ് ബാബു, ഫാ. സിബു തോമസ്, ഫാ. പി. കെ. തോമസ് എന്നിവർ സംബന്ധിച്ചു. കുന്നംകുളം ഓർത്തഡോക്സ് പ്രവാസി അസോസിയേഷൻ പ്രസിഡന്റ് പി. സി. സൈമൺ അധ്യക്ഷനായിരുന്നു. സെക്രട്ടറി ജിനിഷ് വര്ഗീസ് KOPA കമ്മിറ്റി അംഗങ്ങൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.